**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-മെഡിക്കൽ വിദ്യാഭ്യാസം-അക്കാഡമിക്-WA No.764/2022 മുതലായ കേസുകളിലെ ബഹു.കേരളാ ഹൈക്കോടതിയുടെ 25/08/2022-ലെ വിധിന്യായം-പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് (IIMS)-ലെ ലക്ച്ചറർമാർക്ക് മെഡിക്കൽ പോസ്റ്റ് ഗ്രാജ്വേറ്റ് (PG Medical) കോഴ്സിനായി സർവ്വീസ് ക്വാട്ട സീറ്റുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.242/2022/H&FWD തീയതി,തിരുവനന്തപുരം, 26-11-2022

---

പരാമർശം:-

1. 29/07/2022-ലെ G.O(Ms)No.159/2022/H&FWD.
2. WA No.764,802,855,902 & 929/2022 കേസുകളിലെ ബഹു.കേരളാ ഹൈക്കോടതിയുടെ 25/08/2022-ലെ വിധിന്യായം.
3. പ്രവേശന പരീക്ഷ കമ്മീഷണറുടെ 01/09/2022,18/11/2022,24/11/2022 തീയതികളിലെ CEE/545/2022-TA1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾ, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ എന്നിവയിലെ 2022-23 അധ്യയന വർഷത്തെ മെഡിക്കൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് അംഗീകരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സർവീസ് ക്വൊട്ട ആക്ട് പ്രകാരവും പ്രസ്തുത പ്രോസ്പെക്ടസ് പ്രകാരവും മെഡിക്കൽ ബിരുദാന്തര ബിരുദ കോഴ്സുകളിലേക്കുള്ള സർവീസ് ക്വോട്ട സീറ്റുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് (MESQ), ആരോഗ്യ വകുപ്പ് (HSQ), ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് (IMSQ) എന്നിവിടങ്ങളിലെ ഡോക്ടർമാർക്കാണ് സംവരണം ചെയ്തിട്ടുള്ളത്. സർക്കാർ അംഗീകൃത പ്രോസ്പെക്ടസിന്റെ അടിസ്ഥാനത്തിൽ 2022-23 അധ്യയന വർഷത്തെ പി.ജി മെഡിക്കൽ പ്രവേശനത്തിനായുള്ള അപേക്ഷകൾ പ്രവേശന പരീക്ഷ കമ്മീഷണർ ഓൺലൈനായി സ്വീകരിക്കുകയും

തുടർ നടപടികൾ സ്വീകരിക്കുകയുമുണ്ടായി. നിലവിൽ 2022-23 അധ്യയന വർഷത്തെ സംസ്ഥാനത്തെ മെഡിക്കൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. മെഡിക്കൽ കൗൺസിലിംഗ് കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള പ്രകാരം ഒന്നും രണ്ടും ഘട്ട അലോട്ട്മെന്റ് നടപടികൾ പൂർത്തിയായിട്ടുള്ളതും ആയതിൻപ്രകാരം സർവ്വീസ് ക്വോട്ട വിഭാഗത്തിൽ ഉൾപ്പടെ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ കോളേജുകളിൽ പ്രവേശനം നേടിയിട്ടുമുണ്ട്. സർവ്വീസ് ക്വോട്ട വിഭാഗത്തിൽ ആരോഗ്യ വകുപ്പ് (HSQ), ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് (IMSQ) എന്നിവിടങ്ങളിലെ ഡോക്ടർമാർക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ എല്ലാം തന്നെ നിലവിൽ അലോട്ട്മെന്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്. വേണ്ടത്ര അപേക്ഷകരില്ലാത്തതിനാൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്ക് സംവരണം ചെയ്തിട്ടുള്ള ചില സർവ്വീസ് ക്വോട്ട സീറ്റുകളിൽ (MESQ) അലോട്ട്മെന്റ് പൂർത്തിയാകാനുണ്ട്. പ്രോസ്പെക്ടസ് പ്രകാരം ഇങ്ങനെ വരുമ്പോൾ ഈ സീറ്റുകൾ ആരോഗ്യ വകുപ്പിനും (ISQ ) ഇൻഷ്വറൻസ് മെഡിക്കൽ സർവീസിനും (IMSQ ) ഉള്ള യോഗ്യരായ ഡോക്ടർമാർക്ക് പോകേണ്ടതാണ്.

2. മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള സർവ്വീസ് ക്വോട്ട സീറ്റുകൾ അനുവദിക്കണമെന്ന ആവശ്യം മുൻനിർത്തി പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസിലെ (IIMS പാലക്കാട്) ലക്ചർമാർ ഫയൽ ചെയ്ത ഹർജികൾ 22/04/2022-ലെ WP(c) No.2043/2022 മുതലായ കേസുകളിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള ഹൈക്കോടതി നിരസിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത വിധിന്യായത്തിനെതിരെ ടി ഡോക്ടർമാർ സമർപ്പിച്ച WA No.764/2022 മുതലായ കേസുകളിൽ ബഹു. ഹൈക്കോടതി, പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിലെ യോഗ്യരായ ലക്ച്ചറർമാരെ മെഡിക്കൽ പി.ജി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്കായി ഇൻ-സർവ്വീസ് ക്വോട്ടയിൽ മാറ്റിവച്ചിട്ടുള്ള സീറ്റുകളിൽ നിയമപ്രകാരം വരും വർഷങ്ങളിൽ പരിഗണിക്കാൻ നിർദ്ദേശിക്കുകയുണ്ടായി.

3. ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 2022-23 അധ്യയന വർഷത്തെ സംസ്ഥാനത്തെ മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ് നടപടികൾ നിലവിൽ അന്തിമ ഘട്ടത്തിലാണ്. മേൽ സാഹചര്യത്തിൽ, കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും, പൊതു താത്പര്യം കണക്കാക്കിയും, ആകെ സർവീസ് ക്വൊട്ടയ്ക്ക് നീക്കിവച്ചിരുന്ന 43 സീറ്റുകളിൽ അലോട്ട് ചെയ്തുകഴിഞ്ഞ സീറ്റുകൾ ഒഴിച്ചുള്ള സീറ്റുകളിൽ നിന്ന് രണ്ട് പി.ജി. സീറ്റുകൾ മെഡിക്കൽ കൗൺസലിംഗ് കമ്മിറ്റിയുടെ മാനദണ്ഡങ്ങൾക്ക്

അനുസൃതമായി പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻറഗ്രേറ്റഡ് മെഡിക്കൽ സയൻസെസ് (IIMS) സൊസൈറ്റിയുടെ കീഴിലുള്ള യോഗ്യരായ ലെക്ചെറർമാർക് ഈ അക്കാദമിക് വർഷം (2022-2023) പ്രവേശനം നൽകുന്നതിനായി അനുവദിച്ച് ഉത്തരവാകുന്നു.

4. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കൗൺസലിംഗ് കമ്മിറ്റി നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ അലോട്ട്മെന്റ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പ്രവേശന പരീക്ഷ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

6. പരാമർശം 1-ലെ ഉത്തരവ് മേൽഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**DR ആഷ തോമസ് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രവേശന പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള ,എറണാകുളം

ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം

എല്ലാ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്കും(ഡി.എം.ഇ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

ഡയറക്ടർ, ആർ.സി.സി, തിരുവനന്തപുരം

ഡയറക്ടർ പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം

ഡയറക്ടർ പട്ടികവർഗ വികസന വകുപ്പ് , തിരുവനന്തപുരം

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ,തിരുവനന്തപുരം

ഡയറക്ടർ/പ്രിൻസിപ്പാൾ,ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് (IIMS),ഈസ്റ്റ് യാക്കര ,പാലക്കാട്

പട്ടികജാതി/പട്ടിക വർഗ വികസന (എഫ് ) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി , ഗവ.സെക്രട്ടേറിയറ്റ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി (S3/338/2022-ആരോഗ്യം )

ഉത്തരവിൻ പ്രകാരം

Signed by Muraleedharan Chettiyar
Date: 26-11-2022 14:31:45

സെക്ഷൻ ഓഫീസർ

പകർപ്പ് :-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പട്ടികജാതി-പട്ടികവർഗ-പിന്നാക്കക്ഷേമ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്